**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3496** **14-07-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സർവ്വകലാശാലയിൽ പരീക്ഷാ സമ്പ്രദായം അട്ടിമറിക്കാൻ നീക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ സർവ്വകലാശാലയിൽ സിൻഡിക്കേറ്റിന്റെയും വി.സി. അടങ്ങുന്ന ഉന്നതാധികാരികളുടെയും നേതൃത്വത്തിൽ പരീക്ഷാ സമ്പ്രദായം അട്ടിമറിക്കുകയാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ചോദ്യ പേപ്പർ ഓൺലൈനിൽ കോളേജുകളിലേക്ക് അയച്ചുകൊടുത്ത് ഉദ്യോഗസ്ഥരെക്കൊണ്ട് പ്രിന്റ് എടുപ്പിച്ച് പരീക്ഷ നടത്തുന്നതിനുള്ള നീക്കം സർവ്വകലാശാലയിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | കണ്ണൂർ സർവ്വകലാശാലയിൽ ചോദ്യപേപ്പറുകളുടെ ഓൺലൈൻ വിതരണ സംവിധാനം ആരംഭിച്ചിട്ടുണ്ട്. നാലാം/ഒന്നാം സെമസ്റ്റർ ബി.എഡ്. പരീക്ഷകൾക്കും നാലാം/ഒന്നാം സെമസ്റ്റർ പി.ജി. പരീക്ഷകൾക്കും ഓൺലൈനായി പാസ് വേഡ് പരിരക്ഷിത ചോദ്യപേപ്പറുകൾ എൻക്രിപ്റ്റഡ് ഫോർമാറ്റിൽ പരീക്ഷാ ദിവസം പരീക്ഷ ആരംഭിക്കുന്നതിന് 2 മണിക്കൂർ മുമ്പ് കോളേജിന്റെ/ പ്രിൻസിപ്പലിന്റെ രജിസ്റ്റർ ചെയ്ത ഇ-മെയിൽ ഐഡിയിലേയ്ക്ക് ഇ-മെയിൽ വഴി കൈമാറി സുരക്ഷിതമായാണ് പരീക്ഷ നടത്തുന്നത്. ഇതുമായി ബന്ധപ്പെട്ട് പരാതികളൊന്നും സർവ്വകലാശാലയിൽ ലഭിച്ചിട്ടില്ല. |
| (സി) | ഇപ്രകാരമുള്ള നീക്കം പരീക്ഷ എഴുതി ജയിക്കാനുള്ള സാഹചര്യം കൃത്രിമമായി സൃഷ്ടിക്കാൻ ഇടയാക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുമോ? | (സി) | കണ്ണൂർ സർവ്വകലാശാലയിൽ ചോദ്യപേപ്പറുകളുടെ ഓൺലൈൻ വിതരണ സംവിധാനം ആരംഭിച്ചിട്ടുണ്ട്. നാലാം/ഒന്നാം സെമസ്റ്റർ ബി.എഡ്. പരീക്ഷകൾക്കും നാലാം/ഒന്നാം സെമസ്റ്റർ പി.ജി. പരീക്ഷകൾക്കും ഓൺലൈനായി പാസ് വേഡ് പരിരക്ഷിത ചോദ്യപേപ്പറുകൾ എൻക്രിപ്റ്റഡ് ഫോർമാറ്റിൽ പരീക്ഷാ ദിവസം പരീക്ഷ ആരംഭിക്കുന്നതിന് 2 മണിക്കൂർ മുമ്പ് കോളേജിന്റെ/ പ്രിൻസിപ്പലിന്റെ രജിസ്റ്റർ ചെയ്ത ഇ-മെയിൽ ഐഡിയിലേയ്ക്ക് ഇ-മെയിൽ വഴി കൈമാറി സുരക്ഷിതമായാണ് പരീക്ഷ നടത്തുന്നത്. ഇതുമായി ബന്ധപ്പെട്ട് പരാതികളൊന്നും സർവ്വകലാശാലയിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ